**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **18-03-2022 - ൽ മറുപടിയ്ക്ക്**

**മലഞ്ചരക്ക് ഉൽപന്നങ്ങൾ ഉണക്കി സംസ്കരിക്കുന്നതിന് നേരിടുന്ന തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം ഫോറസ്റ്റ് ഡിവിഷന് കീഴിൽ വരുന്ന തലക്കോട് ഇഞ്ചിപ്പാറയിലും മൂന്നാർ ഫോറസ്റ്റ് ഡിവിഷന് കീഴിൽ വരുന്ന തലക്കോട് ചെക്പോസ്റ്റിന് പുറകുവശത്തായ കുളിപ്പാറ പ്രദേശത്തും കാലാകാലങ്ങളായി പ്രദേശവാസികൾ ഇഞ്ചി, മഞ്ഞൾ, കുവ തുടങ്ങിയ മലഞ്ചരക്ക് ഉൽപന്നങ്ങൾ ഉണക്കി സംസ്കരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ വരുന്ന ഇഞ്ചിപ്പാറ പ്രദേശത്ത് സമീപകാലത്തായി പ്രദേശവാസികൾ ടി പ്രവൃത്തികൾ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കഴിഞ്ഞ അറുപത് വർഷക്കാലമായി നടന്ന് വരുന്ന പ്രസ്തുത പ്രവൃത്തിക്ക് സമീപകാലത്ത് ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിക്കുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇഞ്ചി, മഞ്ഞൾ, കുവ തുടങ്ങിയ മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ പ്രസ്തുത പ്രദേശത്തുതന്നെ ഉണക്കുന്നതിന് വനം വകുപ്പ് തടസ്സം സൃഷ്ടിച്ചിട്ടില്ല. എന്നാൽ മറ്റിടങ്ങളിൽ നിന്നും വാങ്ങി സംസ്കരിക്കുന്നതിനുള്ള താവളമാക്കി വനഭൂമി മാറ്റുന്നത് അനുവദിക്കാനാകില്ല. കൂടാതെ റിസർവ്വ് വനഭൂമിയിൽ നിയമവിരുദ്ധമായി ഷെഡ്ഡ് കെട്ടുന്നതും, താമസിക്കുന്നതും ഫയർ സീസണിൽ തീ കത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടാൽ വനസംരക്ഷണത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ആയത് തടസ്സപ്പെടുത്താറുണ്ട്. |
| (സി) | വർഷങ്ങളായി പ്രദേശത്തെ ആയിരത്തോളം കുടുംബങ്ങൾ അവരുടെ ഉപജീവനമായി ചെയ്തുവരുന്ന പ്രസ്തുത പ്രവൃത്തി മുൻകാലങ്ങളിലെ പോലെ തുടർന്നും ചെയ്യുന്നതിന് വേണ്ട സൗകര്യം ഉണ്ടാക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ആകയാൽ റിസർവ്വ് വനഭൂമിയിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിന് നിയമാനുസൃതം കഴിയില്ല. |

സെക്ഷൻ ഓഫീസർ